ടൂറിസം രംഗത്തെ മുതൽമുടക്ക്

197 (199) ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ എത്ര കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സർക്കാരിന്റേയും സ്വകാര്യ മേഖലയുടേയും മുതൽ മുടക്ക് എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(സി) ടൂറിസം മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു ; ഇതിൽ പ്രത്യക്ഷ തൊഴിലവസരങ്ങൾ എത്ര ; പരോക്ഷ തൊഴിലവസരങ്ങൾ എത്ര ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ 1000 കോടിയിൽപ്പരം രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.

(ബി) ഇതിൽ എഴുപത്തിയഞ്ച് ശതമാനത്തോളം തുക സ്വകാര്യ മേഖലയുടെ മുതൽമുടക്കും ബാക്കി പൊതുമേഖലയുടേതായും കണക്കാക്കപ്പെടുന്നു.

(സി) ടാറ്റാ കൺസൾട്ടൻസി സർവ്വീസ് തയ്യാറാക്കിയ പഠന റിപ്പോർട്ട് പ്രകാരം പ്രത്യക്ഷവും പരോക്ഷവുമായി ഏഴുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായി കണക്കാക്കപ്പെടുന്നു. ഇതിൽ പ്രത്യക്ഷ തൊഴിലവസരങ്ങൾ ഒന്നര ലക്ഷം ബാക്കി അഞ്ചരലക്ഷം പരോക്ഷവുമാണ്.

ഡി.ടി.പി.സി. യുടെ കീഴിലുള്ള സ്റ്റാർ ഫിഷ് റസ്റ്റോറന്റ്

198 (200) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശംഖുമുഖത്തെ സ്റ്റാർഫിഷ് റസ്റ്റോറന്റ് ലാഭകരമായിരുന്നുവോ ;

(ബി) ഈ സ്ഥാപനം സ്വകാര്യ വ്യക്തികൾക്ക് കൈമാറുവാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly